# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3679** 11.12.2018 -ലെ മറുപടിയ്ക്ക്

**കേരള സർവ്വകലാശാലയുടെ ഭൂമിയിലുള്ള ഗ്രീൻഫീൽഡ് സ്റ്റേഡിയം**

ചോദ്യം

ശ്രീ. വി. എസ്. ശിവകുമാർ :

ഉത്തരം

**ഡോ. കെ. ടി. ജലീൽ**

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മിക്കുന്നതിന് കേരള സർവ്വകലാശാലയുടെ എത്ര ഏക്കർ ഭൂമിയാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | 37 ഏക്കർ |
| (ബി) | എത്ര വർഷത്തെ പാട്ടത്തിനാണ് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് ഭൂമി വിട്ടുകൊടുത്തത്; | (ബി) | 15 വർഷം |
| (സി) | ഓരോ വർഷാവസാനവും പാട്ടത്തുക അടയ്ക്കാമെന്ന വ്യവസ്ഥ ഉണ്ടോ; | (സി) | ഉണ്ട് |
| (ഡി) | ഇതുവരെ എത്ര രൂപ പാട്ടത്തുകയായി അടച്ചു ; പാട്ടത്തുകയിൽ എത്ര രൂപ കുടിശ്ശികയുണ്ട്; | (ഡി) | പാട്ടത്തുകയായി ഇതുവരെ 2,93,80,520/- രൂപ അടച്ചിട്ടുണ്ട്. പാട്ടത്തുകയിൽ കുടിശ്ശിക ഇനത്തിൽ 8,63,03,150/- രൂപ ബാക്കി ഉണ്ട്. |
| (ഇ) | ഏത് വർഷംവരെയാണ് പാട്ടത്തുക അടച്ചിട്ടുള്ളത്; കുടിശ്ശിക ഈടാക്കുന്നതിന് സർവ്വകലാശാലയുടെ ഭാഗത്തുനിന്നും കാലവിളംബം ഉണ്ടാകുന്നുണ്ടോ; | (ഇ) | 2014-15 കാലയളവു വരെയാണ് പാട്ടത്തുക അടച്ചിട്ടുള്ളത്.<br>കുടിശ്ശിക അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് (NGS) ന് നിരവധി തവണ കത്തുകളും നോട്ടീസുകളും അയച്ചിരുന്നു. എന്നാൽ കുടിശ്ശിക ഒടുക്കിയിട്ടില്ല |
| (എഫ്) | സ്റ്റേഡിയവും അനുബന്ധ കെട്ടിടങ്ങളും ഗെയിംസ് ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകുന്നത് സർവ്വകലാശാലയുടെ അറിവോടുകൂടിയാണോ; വിശദമാക്കുമോ ? | (എഫ്) | സ്റ്റേഡിയവും അനുബന്ധ കെട്ടിടങ്ങളും മറ്റ് ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിന് വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ